# ഗവ.ട്രൈബൽ ഹൈസ്കൂൾഇടിഞ്ഞാർ

## ലിറ്റിൽ കൈറ്റ് മാഗസിൽ



ഗവ. ട്രൈബൽ ഹൈസ്കൂൽ, ഇടിഞ്ഞാർ

# പൊൻതൂവൽ

## ആമുഖം

ഇടിഞ്ഞാർ ട്രൈബൽ സ്കൂളിലെ ലിറ്റിൽ കൈറ്റിലെ കുട്ടികളുടെ സംരംഭമായ ഡിജിറ്റൽ മാഗസിൽ "പൊൻ തൂവലി"ലേക്ക് എല്ലാവർക്കും സ്വാഗതം . പ്രിയ കൂട്ടുകാരെ നന്മയിലേക്ക് നയിക്കാൻ പൊൻതൂവലിന് കഴിയുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു. പിന്തുണ നൽകിയ എല്ലാവർക്കും നന്ദി അറിയിക്കുന്നു.

ഗവ. ട്രൈബൽ ഹൈസ്കൂൾ, ഇടിഞ്ഞാർ

# ആശംസ

**ലിറ്റിൽ കൈറ്റിലെ കുട്ടികൾ നിർമ്മിച്ച**

**"പൊൻതൂവൽ" എന്ന ഡിജിറ്റൽ മാഗസിൻ**

**വിജ്ഞാനത്തിൻെറ പുത്തൻ വാതിലുകളിലൂടെ**

**കൂട്ടുകാരെ നയിക്കാൻസാധിക്കട്ടെ**

**എന്നാശംസിക്കുന്നു.**

**ആർ.ബാബു. ഹെഡ്മാസ്റ്റർ**




# ഉള്ളടക്കം

1) പൂമഴ

2) ഉത്തരാഖണ്ഡിനെ അറിയുമ്പോൾ

3) കളിത്തോഴി

4) എടുത്ത് ചാട്ടം ആപത്ത്.

5) ഒരുമാത്ര ഒരുമിച്ച നടന്നു

6) പൂവ്

7) ബുദ്ധിയുള്ള മരം കൊത്തി

8) ഇനി സീക്ക് നോക്കാം

9) ക്ഷമ

# പൂ മഴ

മഴ മഴ മാനത്തുണ്ടൊരു ....

പുതിയ മഴ...

മഴയുടെ കൂടെ ഇടിയുണ്ടേ..

ഇടുയും മഴയും പെയ്യുമ്പോൾ..

മലകൾ മീതെ പെയ്യുമ്പോൾ...

കാടും മലയും നിറയുമ്പോൾ

മനവും  തരുവും നിറയുന്നു.....

മഴ........മഴ.........മഴ



കൃഷ്ണപ്രിയ.

# ഉത്തരാഖണ്ഡിനെ അറിയുമ്പോൾ

## ജിം കോർബറ്റ്ദേശീയോദ്യാനം

ഇന്ത്യയിലെ ഏറ്റവും പഴക്കമുള്ളനാഷണൽ പാർക്കായ ജിം കോർബറ്റ് പാർക്ക് ഇവിടെയാണ്. 1036 ലാണ് സ്ഥാപിച്ചത്.ഹെയ് ലി നഷണൽ പാർക്ക് എന്നായിരുന്നു ആദ്യ പേര്.

## യോഗ തലസ്ഥാനം

ഉത്തരാഖണ്ഡിലെ ഋഷികേശ് യോഗ തലസ്ഥാനം എന്നറിയപ്പെടുന്നു.

## സംസ്കൃതം

ഇന്ത്യയിൽ സംസ്കൃതം ഔദ്യോഗിക ഭാഷയായി തിരഞ്ഞെടുത്ത ഏക സംസ്ഥാനം ഇതാണ്.

ഇവിടെ ഹിന്ദിക്കുശേഷം രണ്ടാമത്തെ ഔദ്യോഗിക ഭാഷ സംസ്കൃതമാണ്.

## ചിപ്കോ പ്രസ്ഥാനം

വനസംരക്ഷണത്തിന്റെ ഏറ്റവും മികച്ച ഉദാഹരണമായി കണക്കാക്കപ്പെടുന്ന ചിപ്കോ പ്രസ്ഥാനം അഥവാ ചിപ്കോ ആന്ദോളൻ നടന്നത് ഇവിടെ ആണ്.1970-ലിൽ ഇവിടെത്തെ ഗ്രാമീണ സ്ത്രീകളാണ് ചിപ്കോ പ്രസ്ഥാനത്തന് തുടക്കമിട്ടത്.

### അവസാനത്തെ ഇന്ത്യൻ ഗ്രാമം

അവസാനത്തെ ഇന്ത്യൻ ഗ്രാമം എന്നറിയപ്പെടുന്ന മാനാ ഗ്രാമം ഉത്തരാഖണ്ഡിലെ ചമോലിയിലാണ്. ഇന്ത്യാ-ചൈന അതിർത്തിയിൽ നിന്ന് 24 കിലോമീറ്റർ ദൂരെയാണ്.



# കളിത്തോഴി

കളിത്തോഴി......

എൻകിനാവിലെ പ്രിയ തോഴി.

എങ്ങോ പോയി മറയുന്ന നീ....

നാളോയുടെ നെറുകയിൽ

നീയില്ല..


നിൻെ്റ കാലുകൾ തൻ

സ്പർശം.

നാളെയുടെ പുതുജീവനേകീ ...

നീയാം സുന്ദരസ്പർശം...

എന്നുമെൻ കൂടെയുണ്ടല്ലോ.



എന്നോർമതൻ കളിത്തട്ടിൽ
പാറികളിക്കുവാൻ നിൻ
ഓർമതൻ കൂട്ടുമാത്രമായല്ലോ..
ഒടുക്കം ഞാൻ വീഴുമ്പോൾ
ഒരു നറുപുഷ്പമായി നീ എൻ
അരികിലുണ്ടാകുമല്ലോ..........

<u>**ഗോപിക.ജി.യു.**</u>

## *ഒരുമാത്ര ഒരുമിച്ച് നടന്നു...*

*എൻ കണ്ണുകൾക്കും അപ്പുറം....*
*ഒരു മാത്ര ഒരുമിച്ചു നടന്നു നാം....*
*പരസ്പരം അറിയാതെ നമ്മൾ...*
*പിന്നെന്നോ മിന്നൽ പ്രഭപോൽ..*
*നിൻ പീലികൾ അടർന്ന് പോയി...*

*കിനാവ് കണ്ടുമാത്രം .....*

*ഒന്നായിയവർ മാറിയിരിക്കാം...*

*ഇന്ന് നീ മറ്റാരുടെയോ ഉടലിൽ*

*ചേർന്ന് പോയിരിക്കുന്നു...*

*വെന്തു നീറുന്നു ഞാൻ...*

*നിസഹായനായ തുൺ കണക്കെ...*

*നിറഞ്ഞ കൺപോളയുമായി...*

*ഒന്നായി ചേരാൻ ഇനിയൊരിക്കലും...*

*ആവില്ലാന്നറിഞ്ഞിട്ടും...*


*നിന്നെ ഓർത്ത് വ്യസനിക്കുന്ന ചിലർ...*

*സുറുമകുത്തിവരച്ച നിന്നെ വികൃതമാക്കുന്നു...*

*എന്നിട്ടും പറയുന്നു .....*

*കൺപീലി നിന്നെ ഞാൻ സ്നേഹിച്ചിരുന്നു.......*

*ഒരുപാട്................................*



*<u>മഞ്ജരി</u>*



# പൂവ്

**എന്തു നല്ല പൂക്കൾ**

**എൻെറ സ്വന്തം പൂക്കൾ**

ഗവ. ട്രൈബൽ ഹൈസ്കൂൾ, ഇടിഞ്ഞാർ

**ഞാൻ വളർത്തും പൂക്കൾ**

**ഭംഗിയുള്ള പൂക്കൾ**

**വസന്തമാക്കും പൂക്കൾ**

**ശലഭങ്ങളെ മാടിവിളിക്കും പൂക്കൾ**

**തേൻ ചുരത്തും പൂക്കൾ**

**ഒന്നായി നിൽക്കും പൂക്കൾ.**

**വെള്ളയുണ്ട്, മഞ്ഞയുണ്ട്, ചുവപ്പുണ്ട് ,**

**ഓറഞ്ചുണ്ട് പൂക്കൾ**

**മണമുള്ള പൂക്കൾ**

**സുന്ദരമാം പൂക്കൾ**

**ഓർമകൾ പൂവിടും പൂക്കൾ**

**സുജി.**

## എട്ടുത്തു ചാട്ടം ആപത്ത്

ഒരു ദിവസം സീനിയർ ടീച്ചർ ഓഫീസിലെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക ആയിരുന്നു. അപ്പോൾ ഒരു ചെറുപ്പക്കാരി ഫിത്തിയിൽ ചാരി നിൽക്കുന്നത് കാണാൻ ഇടയായി.

“എത്രയാണ് നിങ്ങളുടെ കൂലി?”, അൽപ്പം അമ്പരപ്പോടെ അവൾ പറഞ്ഞു "ആയിരം രൂപയാണ് സാർ" അപ്പോൾ തന്നെ ടീച്ചർ തൻ്റ കൈയിൽ ഉണ്ടായിരുന്ന മണി പേഴ്സിൽ നിന്നും അയ്യായിരം രൂപയെടുത്തു അയാൾക്ക് കൊടുത്തിട്ടു പറഞ്ഞു "ഇതാ നിങ്ങളുടെ അഞ്ച് മാസത്തെ ശമ്പളം, ഇനി നിങ്ങളെ ഇവിടെ കണ്ടുപോകരുത്.......................................”അവൾ അപ്പോൾ തന്നെ അവിടം വിട്ടു പോയി.അതിനു ശേഷം ടീച്ചർ അവിടെ നിന്ന ജോലിക്കാരോടോയി പറഞ്ഞു "ഇവിടെ ജോലിചെയ്യുന്നവർക്കാണ്.ശമ്പളം,അല്ലായെ വെറുതെ നിൽക്കുന്നവർക്കല്ല ഇത് എല്ലാവർക്കും ഒരു പാഠമായിരിക്കട്ടെ.”

എന്നിട്ട് ഒരു ജോലിക്കാരനോടായി ടീച്ചർ ചോദിച്ചു "അയാൾ ഏത് വിങ്ങിലാണ് ജോലി ചെയ്യിരുന്നത്?” "ടീച്ചർ അത് രജിസ്റ്റേട് കത്ത് കൊണ്ടു വന്ന കുട്ടി ആയിരുന്നു,രസീതി ഒപ്പിട്ടുവാങ്ങാൻ കാത്ത് നില്ക്കുക ആയിരുന്നു അവൾ" ജോലിക്കാരൻ പറഞ്ഞു.

കാർത്തിക സത്യൻ വാങ്ങാൻ കാത്ത് നില്ക്കുക ആയിരുന്നു അവൾ" ജോലിക്കാരൻ പറഞ്ഞു.

ഗവ. ട്രൈബൽ ഹൈസ്കൂൾ, ഇടിഞ്ഞാർ

# ബുദ്ധിയുള്ള മരം കൊത്തി

**ഒ**രിക്കൽ ഒരു സിംഹത്തിന്റെ തൊണ്ടയിൽ എല്ല് കുടുങ്ങി. സിംഹത്തിന് ആകെ വയ്യാതായി. അവൻ മൂളാനും ഞരങ്ങാനും തുടങ്ങി.ഇത് ഒരു മരം കൊത്തി കണ്ടു. അവൻ സിംഹത്തിന്റെ അടുത്ത് ചെന്ന് കാര്യംതിരക്കി.'വിഷമിക്കേണ്ട, ഞാൻ സഹായിക്കാം. വായ തുറക്കു."മരം കൊത്തി പറഞ്ഞു.സിംഹം വേഗം വായ തുറന്നു.

മരം കൊത്തിക്ക് തോന്നി. എല്ല് എടുത്ത് കഴിഞ്ഞാൽ സിംഹച്ചാർ എന്നെ വായിലാക്കിയാലോ?

ബുദ്ധിമാനായ മരം കൊത്തി ഉടനെ ഒരു നീണ്ട കമ്പെടുത്ത് സിംഹത്തിന്റെ വായിൽ കുത്തി നിർത്തി.എന്നിട്ട് ഉള്ളിൽക്കടന്ന് എല്ലിൽകഷണം കൊത്തിയെടുത്തു. വായിൽ നിന്ന് പുറത്തുകടന്നശേഷം കമ്പ് തട്ടി മാറ്റി വേഗം പറന്നുപോവുകയും ചെയ്തു.

## ഇനി സീക്ക് നോക്കാം

ഒരു കുണ്,അല്ലങ്കിൽ ഒരു പൂമ്പാറ്റ ....ഇതൊക്കെ കാണാൻ നല്ല രസമാണല്ലേ? പക്ഷേ, ഇതിൻെറ പേര് ചോദിച്ചാലോ? അപ്പോൾ പലരുടെയും രസം പോകും. കാരണം ഉത്തരമറിയില്ല. ഇനി വിഷമിക്കേണ്ട. അതിനായി ഒരു ആപ്  തയ്യാറായി കഴിഞ്ഞു,സീക്ക്

ചുറ്റുപാടും കാണുന്ന പൂക്കളുടെയും മൃഗങ്ങളുടെയുമൊക്കെ ചിത്രം ഈ ആപ് വഴി എടുക്കാം. ആപ്പിൻെറ ഡാറ്റാബേസിൽ ലക്ഷകണക്കിന് ചെടികളുടെയും ജീവികളുടെയും വിവരങ്ങളുണ്ട്. കുട്ടുകാർ എടുക്കുന്ന ചിത്രം ആപ്പ് വിശകലനം ചെയ്യും. അതെ കുറിച്ചുള്ള വിവരങ്ങൾ കൃത്യമായി ആപ് വഴി കാണച്ചും തരും. ആപ് വഴി വിവരങ്ങൾ മനസ്സിലാക്കുന്നതിനനുസരിച്ച് ഉപയോഗിക്കുന്ന ആൾക്ക്  ഡിഡ്കവറി ബാഡ്ജ് ലഭിക്കും.ബാഡ്ജുകൾ കൂടുന്നതിനനുസരിച്ച് ബിഗിനർ,സർവേയർ, എക്സ്പെർട്ട് തുടങ്ങി തുടങ്ങിയ പദവികളും കിട്ടും.

ഇടയ്ക്കിടെ ചില ചലഞ്ചുകൾ ആപ് തരും. നിശ്ചിതസമയത്തിനുള്ളിൽ പത്ത് സ്പീഷിസുകളെ ചുറ്റുപാടുനിന്നും കണ്ടെത്തുക എന്ന മട്ടിലായിരിക്കും ഈ ചലഞ്ചുകൾ. ഐനാച്വറലിസ്റ്റ്,അവ്ർ പ്ളാനറ്റ് തുടങ്ങിയ ഓൺലൈൻ കൂട്ടായ്മകളുടെ സഹായത്തോടെ വേൾഡ് വൈഡ് ഫണ്ട് ആണ് ഈ ആപ് പുറത്തിറക്കിയത്.

ഗവ. ട്രൈബൽ ഹൈസ്കൂൾ, ഇടിഞ്ഞാർ

# ക്ഷമ

ഒരിക്കൽ ഒരുമഹാപണ്ഡിതൻ മല്ലനെ കാണാനെത്തി. പക്ഷെ മല്ലൻ വീട്ടിൽ ഇല്ലായിരുന്നു. മതപണ്ഡിതനാകട്ടെ താൻ മല്ലയെ കാണാൻ വീട്ടിലേക്ക്  ആ ദിവസം വരുന്നുണ്ടെന്ന വിവരം നേരത്തേ തന്നെ അറിയിച്ചിട്ടുണ്ടായിരുന്നു .

മുൻകൂട്ടി വിവരം അറിയിച്ചിട്ടു പോലും തന്നെ കാത്തിരിക്കാൻ സന്മനസ് കാണിക്കാതിരുന്ന മല്ലയുടെ പ്രവർത്തിയിൽ മതപണ്ഡിതന് ദേഷ്യം തോന്നി.മല്ലയോടുള്ള ദേഷ്യം തീർക്കാൻ പണ്ഡിതൻ ഒരു കരിക്കട്ട കൊണ്ട് മല്ലയുടെ വീടിൻെറ ഉമ്മറവാതിൽക്കൽ കഴുത എന്ന് വലുതായി എഴുതിവെച്ച് സ്ഥലം വിട്ടു.


എവിടോ പോയി വീട്ടിൽ തിരിച്ചെത്തിയ മല്ലയെ സ്വാഗതം ചെയ്തത് വീട്ടു വാതിൽക്കൽ കുറിക്കപ്പെട്ട കഴുത എന്ന വാക്കായിരുന്നു . വീടിനകത്തേക്ക് കയറാൻ മെനക്കെടാതെ മല്ല നേരെ ചെന്നത് മതപണ്ഡിതൻെറ അടുത്തേക്കാണ്. പണ്ഡിതനെ വീട്ടിൽ ചെന്ന് കണ്ട മല്ല ഇങ്ങനെ ക്ഷമാപണം നടത്തി.

പണ്ഡിത ശ്രേഷ്ഠാ എന്നോട് ക്ഷമിക്കണം  താങ്കൾ വീട്ടിൽ വരാമെന്ന് പറഞ്ഞത് സത്യത്തിൽ ഞാൻ മറന്ന് പോയി.



അങ്ങയുടെ പേര് എന്റെ വീട്ടിന്റെ വാതിൽക്കൽ കണ്ടപ്പോൾ മാത്രമാണ് എനിക്ക് ഓർമ്മ വന്നത്.മല്ലയുടെ ക്ഷമാപണം കേട്ട് പണ്ഡിതശ്രേഷ്ഠൻ നാണംകെട്ടു പോയി.

## മാഗസിൻ നിരീക്ഷിച്ച എല്ലാ കൂട്ടുകാർക്കും ഞങ്ങളുടെ



# നന്ദി